**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2869** **13-12-2022 - ൽ മറുപടിയ്ക്ക്**

**സഹകരണ സംഘങ്ങളുടെ പ്രവർത്തനം സുതാര്യമാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി) | |
| (എ) | സഹകരണ സംഘങ്ങളുടെ ആഡിറ്റ് ശക്തിപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത് എന്ന് വ്യക്തമാക്കാമോ; | (എ) | സഹകരണ സംഘങ്ങളുടെ ഓഡിറ്റ് സമ്പ്രദായം ശക്തമാക്കുന്നതിന്റെ ഭാഗമായി ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ I.A.&A.S. തസ്തികയിലുള്ള സീനിയർ ഡെപ്യൂട്ടി അക്കൗണ്ടന്റ് ജനറലിനെ സഹകരണ ഓഡിറ്റ് ഡയറക്ടർ ആയി നിയമിച്ചിട്ടുണ്ട്. സഹകരണ സംഘങ്ങളുടെ ഓഡിറ്റ് കൂടുതൽ കാര്യക്ഷമവും കുറ്റമറ്റതും ആക്കുന്നതിലേയ്ക്കായി ടീം ഓഡിറ്റ് സംവിധാനം നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പത്തനംതിട്ട, തൃശ്ശൂർ ജില്ലകളിൽ പൈലറ്റ് അടിസ്ഥാനത്തിൽ ടീം ഓഡിറ്റ് സംവിധാനം നടപ്പിലാക്കുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്. സംസ്ഥാനമൊട്ടാകെ ടീം ഓഡിറ്റ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി പരിശീലനം നൽകുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.<br><br>ഓഡിറ്റ് MATRIX–ന്റെ ഉപയോഗത്തിലൂടെ ഓഡിറ്റ് കൂടുതൽ കാര്യക്ഷമമാക്കുവാനും റിപ്പോർട്ടിംഗ് മികവുറ്റതാക്കുവാനും റിസ്ക് കൂടിയ മേഖലകളിൽ കൂടുതൽ ശ്രദ്ധ ചെലുത്താനും ഓഡിറ്റ് ഡയറക്ടറുടെ നേതൃത്വത്തിൽ ഓഡിറ്റർമാർക്ക് പരിശീലനം നല്കി വരുന്നു. ഓഡിറ്റ് MATRIX -ൽ ഓഡിറ്റ് സമയത്ത് ഉന്നയിക്കേണ്ട എല്ലാ ചോദ്യങ്ങളും ഉൾപ്പെട്ടിരിക്കും. |
| (ബി) | പ്രസ്തുത സഹകരണ സംഘങ്ങളുടെ പ്രവർത്തനം സുതാര്യമാക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കാമോ? | (ബി) | (I) സംഘങ്ങളുടെ പ്രവർത്തനം സുതാര്യമാക്കാൻ ലക്ഷ്യമിട്ട് സമഗ്ര സഹകരണ നിയമഭേദഗതി നടപ്പിൽ വരുത്തുന്നതാണ്.<br><br>(II) ഓഡിറ്റ് സംവിധാനം നവീകരിച്ച് ഗ്രൂപ്പ് ഓഡിറ്റ് സംവിധാനത്തിലേയ്ക്ക് മാറിയിട്ടുണ്ട്.<br><br>(III) സഹകരണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന 1607 പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിലും അവയുടെ ശാഖകളിലും ഏകീകൃത സോഫ്റ്റ് വെയർ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടന്നു വരുന്നു. |

| | | | |
|---|---|---|---|
| | | | (IV) സഹകരണ ഓഡിറ്റ് സുതാര്യവും കാര്യക്ഷമവുമാക്കുന്നതിനായി I.C.D.M.S. പ്രോജക്ടിന്റെ ഭാഗമായി സഹകരണ സംഘങ്ങളുടെ ആഡിറ്റുമായി ബന്ധപ്പെട്ട് സഹകരണ ഓഡിറ്റ് മോണിറ്ററിംഗ് & ഇൻഫർമേഷൻ സിസ്റ്റം (C.A.M.I.S.) എന്ന ഓൺലൈൻ ആപ്ലിക്കേഷൻ തയ്യാറാക്കിയിട്ടുണ്ട്.<br><br>(V) സംഘങ്ങളുടെ നിയമനങ്ങൾ സുതാര്യമാക്കുന്നതിന് ലക്ഷ്യമിട്ട് സഹകരണ പരീക്ഷാ ബോർഡിനെ ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.<br><br>(VI) സംഘം ജീവനക്കാരുടെ സേവന വ്യവസ്ഥകൾ ഏകീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.<br><br>(VII) സംഘങ്ങളിലെ അക്കൗണ്ടിംഗ് സംവിധാനം കാലോചിതമായി പരിഷ്കരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ